**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ച K2/24/2024/ഹോം ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റവാളികളെ കണ്ടെത്തുന്നതിനും, കുറ്റാന്വേഷണത്തിലെ കൃത്യത ഉറപ്പവരുത്തുന്നതിനും, സൈബർ-ഡിജിറ്റൽ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും വൈദഗ്ദ്ധ്യമുള്ള ഫോറൻസിക് സയന്റിസ്റ്റുകളുടെ സേവനം അനിവാര്യമാണ്. ഇത് കണക്കിലെടുത്താണ് ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ സാങ്കേതിക തികവാർന്ന ഫോറൻസിക് സയന്റിഫിക് വിദഗ്ദ്ധരെ നിയമിക്കുന്നതിനായി വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടി സ്വീകരിച്ചു വരുന്നത്.<br><br>കുറ്റാന്വേഷണത്തിലും നീതിന്യായ നിർവ്വഹണത്തിലും 'Opinion Witnesses' എന്ന നിലയിൽ ഫോറൻസിക് സയന്റിഫിക് വിദഗ്ദ്ധർക്ക് (Scientific Experts) നിർണ്ണായക പങ്കാണുള്ളത്. സങ്കീർണ്ണമായ ശാസ്ത്രീയ തെളിവുകൾ വിശകലനം ചെയ്യാനും, അത് അന്വേഷണ ഉദ്യോഗസ്ഥർക്കും നീതിപീഠത്തിനും ബോധ്യപ്പെടുന്ന തരത്തിൽ ലഭ്യമാക്കുന്നതിനും ഇവരെ പ്രാപ്തരാക്കേണ്ടതുണ്ട്.<br>കോടതിയിൽ നൽകുന്ന മൊഴികൾക്കും സമർപ്പിക്കുന്ന റിപ്പോർട്ടുകൾക്കും നിയമപരമായ സാധുതയും വിശ്വാസ്യതയും (Admissibility & Credibility) ഉറപ്പാക്കാൻ, വിദഗ്ധർക്ക് ഉയർന്ന അക്കാദമിക് യോഗ്യതയും സാങ്കേതിക യോഗ്യതയും അനിവാര്യമാണ്. സൈബർ നൈപുണ്യവും ഫോറൻസിക്, ഡിജിറ്റൽ അനാലിസിസ്, ബാലിസ്റ്റിക് തുടങ്ങിയ മേഖലകളിൽ നൂതനമായ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയുള്ളവരാവുകയും വേണം. ഇത് ഉറപ്പാക്കുന്നതിനാണ് ചട്ടഭേദഗതി.<br><br>ഭേദഗതിയുടെ അന്തിമ കരട് വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | നിശ്ചിത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി, സ്പെഷ്യൽ റൂൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ